കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മണക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.പി.6/1265/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 01/12/2025
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6/1265/2025 തീയ്യതി: 01/12/2025

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 20-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2024 മുതൽ 20-10-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജേഷ് സി.ഹരിബാൽ	ഡെപ്യൂട്ടി ഡയറക്ടർ	21-10-2025	25-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-10-2025	25-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സിനിമോൾ ഫ്രാൻസിസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സ്വപ്ന വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷൈനി എം.ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ടോണി കുര്യാക്കോസ്	പ്രസിഡന്റ്	01-04-2024	31-07-2024
ശ്രീമതി. ഷൈനി ഷാജി	പ്രസിഡന്റ്	01-08-2024	16-08-2024
ശ്രീ. പി. എസ്. ജേക്കബ്	പ്രസിഡന്റ്	17-08-2024	31-03-2025
ശ്രീമതി. എ. ആർ. ഉഷ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. യമുന പി. നായർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീ. കുട്ടിച്ചൻ എം. കല്ലട	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	11-09-2024
ശ്രീ. ബിജു വി. കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	12-09-2024	31-03-2025

ഡോ.ബി.സുധാകർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2024	31-03-2025
ഡോ.ജോൺ ജേക്കബ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	08-01-2025
ഡോ. മിനി പി.	മെഡിക്കൽ ഓഫീസർ, ആയുർവേദം	09-01-2025	25-01-2025
ഡോ. സൗമിനി സോമനാഥ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	26-01-2025	31-03-2025
ഡോ. ഷിനോജ് തോമസ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	26-10-2024
ഡോ. ജെറോം ജിയോ പി.	മെഡിക്കൽ ഓഫീസർ, ഹോമിയോ	27-10-2024	31-03-2025
ഡോ. അനു സുധാകരൻ	വെറ്ററിനറി സർജൻ	01-04-2024	06-09-2024
ഡോ. മുഹമ്മദ് ഗദ്ദാഫി	വെറ്ററിനറി സർജൻ	07-09-2024	08-11-2024
ഡോ. ജോബി കെ. ജെ.	വെറ്ററിനറി സർജൻ	09-11-2024	31-03-2025
ശ്രീമതി. സിമോണി ജോസ്	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ജാസ്മിൻ സി. എ.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ദീപ്തി എൻ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അരിക്കുഴ സർക്കിൾ	01-04-2024	31-03-2025
ശ്രീമതി. മഞ്ജുഷ പി. കെ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പെരിയാമ്പ്ര സർക്കിൾ	01-04-2024	31-03-2025
ശ്രീമതി ഉഷ കെ.കെ.	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ശ്രീമതി. സിന്ധു റ്റി. കെ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
5	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല	1-1-4
6	ആസ്തിബാധ്യതക്കണക്കുകൾ - കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല	1-1-5
7	തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല	1-1-6
8	ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല	1-1-7
9	വാർഷികകണക്കിലെയും ഡിമാന്റ് രജിസ്റ്ററുകളിലെയും ഡി.സി.ബി.തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-8
10	ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.	1-1-9
11	ഷെഡ്യൂൾ ബി - 5, ഷെഡ്യൂൾ ബി - 16 എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-10
12	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-11
13	വാർഷികകണക്കുകൾ പ്രകാരമുള്ള വായ്പയുടെ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് തുക കൃത്യമല്ല.	1-1-12
14	തൊഴിലുറപ്പ് പദ്ധതി - ഭരണച്ചെലവുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.	1-1-13
15	സാമ്പത്തികവിശകലനം	1-2
16	ബജറ്റ്	1-3
17	സ്രോതസിൽ നിന്നും കുറവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-4-1
18	ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026-2027 - ൽ ₹14,75,623/- ലാപ്സാകും	1-4-2
19	ഗ്രാന്റ് വിനിയോഗം	1-4
20	പദ്ധതി അവലോകനം	1-5
21	തൊഴിലുറപ്പ് പദ്ധതി	1-6
22	സാമൂഹ്യസുരക്ഷാ പെൻഷനുകൾ	1-7
23	ക്യാഷ് ബാലൻസ് പരിശോധന	1-8
24	ആഭ്യന്തരനിയന്ത്രണം	1-9
25	വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.	1-10
26	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല	1-11
27	അനധികൃതകെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കിയില്ല	1-12
28	ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കുന്നില്ല	1-13
29	വഴിത്തല കംഫർട്ട് സ്റ്റേഷൻ - പ്രവർത്തനം നിലച്ചു	1-14
30	മുൻകൂറുകൾ നിശ്ചിതസമയപരിധിക്കുള്ളിൽ ക്രമീകരിക്കുന്നില്ല	1-15
31	ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്യാതെ ചെലവ് നടത്തുന്നു	1-16
32	ആയുർവേദഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണതോതിൽ ലഭിച്ചില്ല	1-17
33	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല	1-18
34	കാലിത്തീറ്റ വിതരണം - പദ്ധതിനിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല	1-19
35	തുല്യത പഠനം - പരീക്ഷ എഴുതിയതിന്റേയോ വിജയിച്ചതിന്റേയോ രേഖകൾ ഹാജരാക്കിയില്ല - ₹31,850/- തടസ്സപ്പെടുത്തുന്നു.	1-20
36	പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - വിതരണരേഖകൾ ഹാജരാക്കിയില്ല - ₹98,000/- തടസ്സപ്പെടുത്തുന്നു.	1-21
37	വീട് വാസയോഗ്യമാക്കൽ പദ്ധതി - നാളിതുവരെയും പണി പൂർത്തീകരിച്ചില്ല	1-22
38	ഫലവൃക്ഷത്തൈ വിതരണം - ജില്ലാതല യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ തൈകൾ വാങ്ങി	1-23
39	ഭിന്നശേഷി സ്കോളർഷിപ്പ് - സബ്സിഡി മാനദണ്ഡപ്രകാരമുള്ള നിരക്കിനേക്കാളും അധിക തുക നൽകി - ₹7,000/- നിരാകരിക്കുന്നു	1-24

40	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-25
41	ജൽജീവൻ മിഷൻ - അവലോകനം	1-26
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	ഭിന്നശേഷി സ്കോളർഷിപ്പ് - സബ്സിഡി മാനദണ്ഡപ്രകാരമുള്ള നിരക്കിനേക്കാളും അധിക തുക നൽകി - ₹7,000/- നിരാകരിക്കുന്നു	3-1
	ഭാഗം 4	
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന	4-1
2	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	വായ്പ/വായ്പയുടെ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1. & 11.3, സംസ്ഥാനഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.07.2025 – ലെ കമ്മിറ്റി തീരുമാനം നമ്പർ 3 പ്രകാരം തയ്യാറാക്കി 26.07.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മണക്കാട് ഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2025 – ൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി. മണക്കാട് ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തേക്കുള്ള വാർഷിക സാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
01.12.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ്

ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-2025 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹60,65,685/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-2025 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2,70,782 /- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രു ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19), (ഐ-18) എന്നിവ പ്രകാരം, ജേണൽ വൗച്ചർ പ്രകാരം വരുമാനമായും ചെലവായും ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നൊ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-1-5 ആസ്തിബാധ്യതക്കണക്കുകൾ - കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേക്ക് മാറിയ ഘട്ടത്തിൽ ആസ്തിബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും ആസ്തി രജിസ്റ്റർ കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തിയുടെയും അവയുടെ മൂല്യശോഷണകണക്കുകളുടെയും കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1-1-6 തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല

എല്ലാ ആസ്തികൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

1-1-7 ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിവിധ ഫണ്ട് തിരിച്ച് മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2024-2025 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിടേണ്ട തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനായില്ല.

1-1-8 വാർഷികകണക്കിലെയും ഡിമാന്റ് രജിസ്റ്ററുകളിലെയും ഡി.സി.ബി.തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി (ട്രേഡ്ലൈസ്) എന്നീ ഇനങ്ങളിലെ വാർഷികകണക്കിലെ വരവ് തുകകളും രജിസ്റ്ററുകളിലെ വരവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	വാർഷികകണക്കുകൾ പ്രകാരം വരവ് (₹)	രജിസ്റ്റർ പ്രകാരം വരവ് (₹)

വസ്തുനികുതി	48,54,191/-	48,62,877/-
തൊഴിൽ നികുതി (ട്രേഡേഴ്സ്)	1,41,720/-	1,01,700/-

1-1-9 ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.

ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺടൈഡ്, വികസനഫണ്ട്, എസ്.സി.പി. എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലും സുലേഖ ചെലവ് പത്രികയിലും ഉൾപ്പെടുത്തിയിരിക്കുന്ന ചെലവ് തുകകൾ, വാർഷികധനകാര്യപത്രികയിലെ വരവ് – ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	വാർഷികകണക്ക് പ്രകാരം ചെലവ് (₹)	സുലേഖ പത്രിക പ്രകാരം ചെലവ് (₹)	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് (₹)
സി.എഫ്.സി. – ടൈഡ്	5,13,069/-	37,14,300/-	15,60,311/-
സി.എഫ്.സി. -അൺടൈഡ്	20,57,017/-		21,53,989/-
വികസനഫണ്ട് – എസ്.സി.പി.	25,83,336/-	25,02,604/-	25,02,604/-

1-1-10 ഷെഡ്യൂൾ ബി - 5, ഷെഡ്യൂൾ ബി - 16 എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി – 5 പ്രകാരം, സെക്യേർഡ് ലോൺ ഇനത്തിലെ ബാലൻസ് തുക ₹82,30,748/- ആയിരിക്കെ, ഷെഡ്യൂൾ ബി – 16 പ്രകാരമുള്ള പ്രീപെയ്ഡ് എക്സ്പെൻസിന്റെ ബാലൻസ് ₹81,00,675/- ആണ്.

1-1-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി – 4 – ലെ, താഴെ പറയുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി – 17) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം (ഹെഡ് /നം.)	ഷെഡ്യൂൾ ബി – 4 പ്രകാരം നീക്കിയിരിപ്പ്(₹)	ഷെഡ്യൂൾ ബി - 17 പ്രകാരം നീക്കിയിരിപ്പ് (₹)
ടോട്ടൽ സാനിട്ടേഷൻ + ശുചിത്വമിഷൻ 320300103+320100198+320100181 (₹)(14,481 + 3,23,044 + 1,94,768)	5,32,293/-	5,01,179/-
സി.എഫ്.സി. ടൈഡ് ആന്റ് അൺ ടൈഡ് 320200104 + 320200113 (₹) (2,70,155 + 32,44,077)	35,14,232/-	35,16,892/-

1-1-12 വാർഷികകണക്കുകൾ പ്രകാരമുള്ള വായ്പയുടെ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് തുക കൃത്യമല്ല.

കെ.യു.ആർ.ഡി.എഫ്.സി. വായ്പയുടെ അക്കൗണ്ടിൽ, തൻവർഷം തിരിച്ചടച്ച തുക ₹14,08,172/- ആയിരിക്കെ വാർഷികകണക്കുകൾ പ്രകാരം തിരിച്ചടവായി രേഖപ്പെടുത്തിയിരിക്കുന്നത് ₹12,89,172/- ആണ്. ആയതിനാൽ വായ്പ യുടെ യഥാർത്ഥ നീക്കിയിരിപ്പ് ₹76,00,863/- ആയിരിക്കെ, വാർഷികകണക്കിൽ പ്രസ്തുത തുക, ₹1,19,000/- (₹14,08,172/- – ₹12,89,172/-) – യും കൂടി ഉൾപ്പെടുത്തി ₹77,19,863/- (₹76,94,552/- + ₹25,311/-) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-13 തൊഴിലുറപ്പ് പദ്ധതി - ഭരണച്ചെലവുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയുടെ യഥാർത്ഥ ഭരണച്ചെലവുകൾ ₹8,70,422/- ആയിരിക്കെ, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ ഐ 14(F) - ൽ, ഭരണച്ചെലവുകൾ ₹7,81,860/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

1-2 സാമ്പത്തികവിശകലനം

മുന്നിരിപ്പ് (₹)	2,36,11,359.60
വരവ് (₹)	3,25,83,047.00
ആകെ (₹)	5,61,94,406.60
ചെലവ് (₹)	2,65,17,362.60
നീക്കിയിരിപ്പ് (₹)	2,96,77,044.00

(കുറിപ്പ്:- പഞ്ചായത്തിന്റെ 2024-2025 – ലെ വാർഷികകണക്കുകളിൽ റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്)

1-3 ബജറ്റ്

ഇനം	തീരുമാനം നമ്പർ/തീയതി
സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം	1/ 06.02.2024,
ഭരണസമിതി അംഗീകാരം	1/07.02.2024,
ബജറ്റ് പുതുക്കൽ	3, 17.02.2025

ഇനം	പുതുക്കിയ ബജറ്റ് പ്രകാരമുള്ള തുക (₹)
മുന്നിരിപ്പ്	1,17,58,420/-
വരവ്	12,54,37,500/-
ആകെ	1,37,19,55,920/-
ചെലവ്	13,47,12,200/-
നീക്കിയിരിപ്പ്	24,83,720/-

1-4-1 സ്രോതസിൽ നിന്നും കുറവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ, ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ആയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫണ്ട്	ലൈഫ് ലോൺ (₹)	അങ്കണവാടി ഓണറേറിയം (₹)	ആകെ (₹)
വികസനഫണ്ട് – ജനറൽ	11,35,161/-	7,88,400/-	19,23,561/-
വികസനഫണ്ട് – എസ്.സി.പി.	2,73,011/-	0	2,73,011/-

1-4-2 ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026-2027 - ൽ ₹14,75,623/- ലാപ്സാകും

15.07.2021 - ലെ സ.ഉ. (കൈ) നം. 79/2021/ധന. പ്രകാരം, 2023-2024 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ 80 % ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമെ അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 2026-2027 വർഷം പഞ്ചായത്തിന് ₹14,75,623/- നഷ്ടപ്പെടും.

ഫണ്ടിനം	വരവ് (₹)	ചെലവ് (₹)	തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന 80 % തുക (₹)	തൻവർഷം 80 % ചെലവില്ലാത്തതിനാൽ ലാപ്സായതും 2026-2027 വർഷം കുറവ് ചെയ്യുന്നതുമായ തുക (₹)

മെയിന്റനൻസ് ഗ്രാന്റ് – റോഡ്	1,02,92,000/-	67,57,977/-	82,33,600/-	14,75,623/-

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	വരവ്(₹)/ അലോട്ട്മെന്റ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
വികസനഫണ്ട് - ജനറൽ	0	1,04,78,000	1,04,78,000	1,01,74,999	3,03,001
വികസനഫണ്ട് – എസ്.സി.പി.	0	29,08,000	29,08,000	25,02,604	4,05,396
വികസനഫണ്ട് – റ്റി.എസ്.പി.	0	0	0	0	0
മെയിന്റനൻസ് ഗ്രാന്റ് – റോഡ്	0	10,29,000	10,29,000	67,57,977	35,34,023
മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്	0	53,35,000	53,35,000	53,35,000	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ്	6,40,762	18,65,855	25,06,617	22,36,462	2,70,155
ധനകാര്യകമ്മീഷൻ ഗ്രാന്റ് – ടൈഡ്	7,35,561	38,03,500	45,39,061	12,94,984	32,44,077
ടോട്ടൽ സാനിറ്റേഷൻ - 320100181	1,91,183	3,585	1,94,768	-	1,94,768
ഐ.സി.ഡി.എസ്. - 320100196	11,82,939	10,72,140	1285,079	5,21,780	18,06,859
ശുചിത്വമിഷൻ ഫണ്ട് (ഖരമാലിന്യ നിർമ്മാർജ്ജനം) - 320100198	3,23,044	0	3,23,044	0	3,23,044
പകർച്ചവ്യാധിനിയന്ത്രണ ഗ്രാന്റ് - 320100195	1,14,958	0	1,14,958	-	1,14,958
പ്രളയദുരിതാശ്വാസ ഗ്രാന്റ് - 320100192	99,350	0	99,350	0	99,350
അവാർഡുകൾ/ബഹുമതികൾ - 320100105	6,510	0	6,510	0	6,510
ലൈഫ് സംസ്ഥാനവിഹിതം + വിമുക്തി + അങ്കണവാടി (320300199)	3,65,345	4,80,000	8,45,345	5,80,000	2,65,345
ആർദ്രകേരളം ആരോഗ്യപുരസ്ക്കാരം – 320100200	18,634	0	18,634	0	18,634
ഹെൽത്ത് ഗ്രാന്റ് - PHCs അടിസ്ഥാനവികസനം - 320100202	4,50,127	3,05,567	7,55,694	16,403	7,39,291
PHC - കളുടെ പുന:ക്രമീകരണം - 320100204	40,683	4,90,989	5,31,672	35,000	4,96,672
മറ്റ് ബാധ്യതകൾ - 320100999 (ഇനം വ്യക്തമല്ല)	1,00,724	0	1,00,724	0	1,00,724
ഹോമിയോപ്പതി - ആസ്തി വികസനം - 320200208	1,64,959	1,17,704	2,82,663	1,05,610	1,77,053
ആരോഗ്യഇൻഷുറൻസ് – 320200399	1,854	0	1,854	0	1,854
പകർച്ചവ്യാധി നിയന്ത്രണം - 320900102	5,596	156	5,752	-	5,752
ടോട്ടൽ സാനിറ്റേഷൻ – 320300103	3,835	10,646	14,481	0	14,481
സ്വച്ഛ ഭാരത് അഭിയാൻ – 320100174	0	2,77,730	2,77,730	2,77,730	0

ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺടൈഡ്, വികസനഫണ്ട്, എസ്.സി.പി. എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലും സുലേഖ ചെലവ് പത്രികയിലും ഉൾപ്പെടുത്തിയിരിക്കുന്ന ചെലവ് തുകകൾ

വാർഷികധനകാര്യ പത്രികയിലെ വരവ് ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതിച്ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%)
237	6,96,97,192/-	157	3,60,90,946/-	80	66.24

നിർവഹണോദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

നിർവഹണോദ്യോഗസ്ഥൻ	ആസൂത്രണം ചെയ്ത പദ്ധതികളുടെ എണ്ണം	നടപ്പാക്കിയവയുടെ എണ്ണം	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം (%)
കൃഷി ഓഫീസർ	6	6	6,79,750/-	6,75,488/-	99.37
വെറ്ററിനറി സർജൻ	6	5	1,73,640/-	11,36,845/-	65.47
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	14	8	38,68,162/-	21,15,194/-	54.68
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	7	6	14,10,000/-	13,25,420/-	94.00
മെഡിക്കൽ ഓഫീസർ (ഹോമിയോ)	6	6	5,15,000/-	5,03,520/-	97.77
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	16	14	1,85,78,304/-	82,01,790/-	44.15
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	13	9	41,75,960/-	30,97,834/-	74.18
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	22,00,000/-	11,59,760/-	52.72
സെക്രട്ടറി	41	27	78,84,818/-	56,31,353/-	56.53
അസിസ്റ്റന്റ് സെക്രട്ടറി	4	3	11,13,000/-	8,55,000/-	76.82
ഹെഡ്മാസ്റ്റർ ഗവൺമെന്റ് എൽ.പി.സ്കൂൾ	4	4	2,51,850/-	2,38,770/-	94.81
അസിസ്റ്റന്റ് എഞ്ചിനിയർ	119	68	2,52,06,376/-	1,11,49,972/-	44.23
ആകെ	237	157	6,96,97,192/-	3,60,90,946/-	51.78

കുറിപ്പ്: സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത പദ്ധതികളുടെ അടങ്കൽ തുക ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. അവയുടെ ചെലവ് തുക മാത്രമാണ് പ്രതിഫലിച്ചിട്ടുള്ളത്. ആകെ ചെലവിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കാലിത്തീറ്റ വിതരണം എന്ന പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിൽ ₹1,89,375/- ഉൾപ്പെട്ടിട്ടില്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം		മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
കേന്ദ്രാവിഷ്കൃത പദ്ധതി	ഭരണച്ചെലവുകൾ	2,659/-	8,67,763/-	8,70,422/-	8,70,422/-	0
	തൊഴിലാളികളുടെ കൂലി	0	66,59,591	/-66,59,591/-	66,59,591/-	0

ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണച്ചെലവുകൾ ഇനത്തിലുള്ള വരവ് – ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷികകണക്കിലെ തുക താല്കാലികമായി ഉൾപ്പെടുത്തുന്നു. കണക്കിലെ വ്യതിയാനം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

1-7 സാമൂഹ്യസുരക്ഷാ പെൻഷനുകൾ

തൻവർഷം, വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്ഷേമപെൻഷന്റെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകത്തൊഴിലാളി പെൻഷൻ	39,35,400/-	226
വിധവ പെൻഷൻ	70,48,000/-	458
വാർദ്ധക്യകാലപെൻഷൻ	1,74,25,400/-	1161
വികലാംഗപെൻഷൻ	24,80,600/-	145
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	4,34,800/-	28
തൊഴിലില്ലായ്മ വേതനം	0	0

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2025 – ൽ രാവിലെ 10.50 – ന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹1,527/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലനിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ടചുമതലയുള്ളവർ മോണിട്ടറിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷികഭൗതികപരിശോധന നടത്തുന്നില്ല.

വാർഷികപദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ, കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം, ഓരോ സാമ്പത്തികവർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തികവർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 - ലെ സ.ഉ.(അ)നം.259/2010/ ത.സ്വ.ഭ.വ. – പ്രകാരം പുറപ്പെടുവിച്ച, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B). എന്നാൽ, വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. സമാനമായ വിവിധ വാങ്ങൽ പദ്ധതികൾ, ഒറ്റ പദ്ധതിയായി ആവിഷ്കരിക്കാതെ പല പദ്ധതികളായാണ് ആവിഷ്കരിച്ചിട്ടുള്ളത്. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല.

സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്

എന്ന് ഉറപ്പുവത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണ സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണോദ്യോഗസ്ഥരുടെ പദ്ധതികളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ഉൾപ്പെടുത്തിയ മോണിട്ടറിംഗ് റിപ്പോർട്ടുകൾ അപൂർണ്ണവുമാണ്.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിച്ച്, ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-10 വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ, വഴിത്തലയിൽ സ്ഥിതി ചെയ്യുന്ന 12/104 – നമ്പർ കെട്ടിടത്തിൽ ശ്രീ സജീവ് വി.വി., വെള്ളകിഴങ്ങ്പാറയിൽ, വഴിത്തല എന്ന വ്യക്തി, 2018-2019 വർഷം മുതൽ ഫർണിച്ചറുമായി ബന്ധപ്പെട്ട സ്ഥാപനം പ്രവർത്തിപ്പിച്ചു വന്നിരുന്നു. 2023-2024 വർഷം കരാർ പുതുക്കിയെങ്കിലും വാടക ₹26,460/- (₹2,205x12) അടവാക്കിയിട്ടില്ല. കരാർ കാലാവധി കഴിഞ്ഞിട്ടും കെട്ടിടവാടകയിൽ കുടിശ്ശിക വരുത്തിയതിനാലും കെട്ടിടമുറി ഒഴിയാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാന് പഞ്ചായത്ത് നൽകിയ നോട്ടീസ് പ്രകാരം കെട്ടിടമുറി ഒഴിഞ്ഞിട്ടുണ്ട്. 24.10.2024 – ലെ 5-ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം, നിയമനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചതിനെത്തുടർന്ന് കടമുറിയുടെ താക്കോൽ തിരികെ നൽകിയിട്ടുണ്ട്. ആരോഗ്യപ്രശ്നങ്ങളുള്ളതിനാൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് വാടകക്കുടിശിക, ഡെപ്പോസിറ്റ് തുകയിൽ കിഴിച്ച് ബാക്കി തുക 3 തുല്യ തവണകളായി അടവാക്കുന്നതിന് ശ്രീ സജീവന്, 29.03.2025 – ലെ ഭരണസമിതി യോഗത്തിൽ 7-ാം നമ്പർ പ്രകാരം അനുവാദം നൽകുന്നതിന് തീരുമാനിച്ചു. ആദ്യ തവണ ജൂൺ 30 – നകവും ബാക്കി തവണകൾ ജൂലൈ 31, ഓഗസ്റ്റ് 31 വരെയുള്ള കാലാവധിയിലും അടവാക്കുന്നതിന് ശ്രീ സജീവന് അനുവാദം നൽകുകയും കുടിശ്ശികത്തുക അടയ്ക്കാത്തപക്ഷം ഇക്കാര്യത്തിൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. വാടകക്കുടിശ്ശിക 3 തുല്യ തവണകളായി അടവാക്കുന്നതിന് അനുവാദം നൽകിയെങ്കിലും കുടിശ്ശിക അടച്ചിട്ടില്ലാത്തത് ടിയാന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. വാടക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.8/തീയതി. 23.10.2025), ടിയാൻ വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതിനാൽ പഞ്ചായത്ത് കമ്മറ്റിയുടെ 29.09.2025 – ലെ 12-ാം നമ്പർ തീരുമാനപ്രകാരം, ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും നിലവിൽ ആർ.ആർ.ലോഗിൻ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥ സ്ഥലം മാറി പോയിട്ടുള്ളതിനാൽ പുതിയ ലോഗിൻ ലഭിക്കുന്നതിന് ബഹു.പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് ലഭിച്ചിട്ടില്ലെന്നാണ് മറുപടി നൽകിയത്.

2023-2024 വർഷത്തെ വാടകക്കുടിശിക - ₹26,460/- (₹2,205x12)
2024-2025 വർഷത്തെ വാടകക്കുടിശ്ശിക – ₹15,435/- (₹2,205x7)
ജി.എസ്.റ്റി. – ₹7,542/-
പിഴപ്പലിശ – ₹4,190/- (2024 ഒക്ടോബർ 31 വരെ)

ശ്രീ സജീവ് 12/104 – നമ്പർ കെട്ടിടമുറി ലേലം കൊണ്ട വകയിൽ ഡെപ്പോസിറ്റ് തുക 50 % (EMD ഉൾപ്പെടെ) ₹8,115/- 25.11.2011 - ലെ 50/33367 – നമ്പർ രസീത് പ്രകാരം അടയ്ക്കുകയും ഡെപ്പോസിറ്റ് തുകയുടെ ബാലൻസ് തുക 12.12.2011 -ലെ 33/47468 – നമ്പർ രസീത് പ്രകാരം ₹7,500/- അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് ഇനത്തിൽ ആകെ ₹15,615/- അടച്ചിട്ടുണ്ട്. 2023-2024 വർഷത്തെ വാടകക്കുടിശ്ശികയായ ₹26,460/- ൽ നിന്നും (₹15,615/-) ഡെപ്പോസിറ്റ് തുക കിഴിച്ച് ബാക്കി കുടിശ്ശിക ₹10,845/- – യും 2024-2025 – ലെ വാടകക്കുടിശ്ശിക, ജി.എസ്.ടി., പിഴപ്പലിശയും ചേർത്ത് ആകെ ₹38,012/- ഈടാക്കാൻ അവശേഷിക്കുന്നു.

ആകെ അടവാക്കാനുള്ള തുക – ₹10,845 + ₹15,435 + ₹7,542 + ₹4,190 = 38,012/-. കുടിശ്ശികത്തുക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ക്രമ നം.	സ്ഥാപനം	കാലയളവ്
1.	കുടുംബശ്രീ, മണക്കാട്	2024-2025 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ
2.	വനിത സർവീസ് സഹകരണ സംഘം, മണക്കാട്	

പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-2025 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കണമെന്നും ഈടാക്കിയിട്ടില്ലെങ്കിൽ ആയതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/തീയതി. 25.10.2025) മറുപടി നൽകിയില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 അനധികൃതകെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമപ്പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതിനിർണ്ണയവിവരങ്ങൾ പരിശോധിച്ചതിൽ, അനധികൃതകെട്ടിടങ്ങളുടെ കാറ്റഗറിയിൽ 6 കെട്ടിടങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ് നം./ കെട്ടിടനം.	ഉടമയുടെ പേര്	ഉപയോഗക്രമം/ തറ വിസ്തീർണം (ച.മീറ്റർ)	റിമാർക്സ്
1	2/19/A	ശ്രീമതി ഉഷകുമാരി സി.ആർ. പൂക്കളത്തുപാറയിൽ	പാർപ്പിടാവശ്യം/61.89	-
2	8/193A	ശ്രീമതി സിജി എ.പി., ശ്രീമതി ആർദ്ര മോഹൻ ആലൊള്ളപറമ്പത്ത	പാർപ്പിടാവശ്യം/141.88	-
3	11/98 H	ശ്രീ ബിജു ചെങ്ങനാമറ്റത്തിൽ	പാർപ്പിടാവശ്യം/66.3	-
4	12/56 B	ശ്രീ ജോയി ജോസഫ് കുരിശിങ്കൽ	പാർപ്പിടാവശ്യം/163.01	2023-2024, 2024-2025 അർദ്ധവർഷങ്ങൾ മുതൽ വസ്തുനികുതി അടവാക്കിയിട്ടില്ല
	12/56 C		വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. വരെയുള്ളവ/63.75	
5	13/285/A	ശ്രീമതി സിജി ഷാജി മാളിയേക്കൽ	പാർപ്പിടാവശ്യം/22.57	2019-2020 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി അടവാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതിനിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ, ക്രമ നമ്പർ 4, 5, 6 എന്നീ കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയിട്ടില്ല. വസ്തുനികുതി ഈടാക്കുന്നതിനും അനധികൃതകെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീയതി. 23.10.2025) ചുവടെ ചേർക്കും പ്രകാരം മറുപടി നൽകി.

സഞ്ചയ സോഫ്റ്റ്‌വെയർ നികുതിനിർണയരജിസ്റ്റർ പ്രകാരം, അനധികൃതകെട്ടിടങ്ങളുടെ കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ള 6 കെട്ടിടങ്ങളിൽ, 11/98 H - നമ്പർ കെട്ടിടം ക്രമവത്കരിക്കുന്നതിനായി കെട്ടിടം ഉടമയായ ശ്രീ ബിജു സി.റ്റി., ചെങ്ങനാമറ്റത്തിൽ എന്നയാൾ സമർപ്പിച്ച 23.07.2025 – ലെ 3347564-2025 നം. അപേക്ഷ പ്രകാരം, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടം റഗുലറൈസ് ചെയ്ത് കെട്ടിടത്തിന് അധികൃതനമ്പർ നല്കിയിട്ടുണ്ടെന്നും ശ്രീമതി ഉഷകുമാരി സി.ആർ., പൂക്കുളത്തുപാറയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2/19A, ശ്രീമതി സിജി എ.പി., ശ്രീമതി ആർദ്ര മോഹനൻ, ആലൊള്ളപറമ്പത്ത് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 8/193A, ശ്രീ ജോയി ജോസഫ്, കുരിശിങ്കൽ എന്ന വ്യക്തിയുടെ ഉടസ്ഥതയിലുള്ള 12/56B, 12/56C, ശ്രീമതി സിജി ഷാജി മാളിയേക്കൽ എന്ന

വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 13/285A – എന്നീ നമ്പർ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് നാളിതുവരെ അപേക്ഷ ലഭിച്ചിട്ടില്ലെന്നും 12/56 B, 12/56 C എന്നീ അനധികൃതനമ്പർ ബഹു.ജില്ലാ അദാലത്ത് സമിതിയുടെ 30.08.2024 – ലെ തീരുമാനപ്രകാരമാണ് നൽകിയിട്ടുള്ളതെന്നും 12/56 B, 12/56 C,13/285 A എന്നീ കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ്, റവന്യൂ റിക്കവറി നോട്ടീസ് എന്നിവ നൽകിയിട്ടുണ്ടെന്നും റവന്യൂ റിക്കവറി ലോഗിൻ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥ സ്ഥലംമാറി പോയ സാഹചര്യത്തിൽ പുതിയ റവന്യൂ റിക്കവറി ലോഗിൻ ലഭിക്കുന്നതിനായി ബഹു.പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ലോഗിൻ ലഭ്യമാകുന്ന മുറയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-13 ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കുന്നില്ല

സഞ്ചയ സോഫ്റ്റ്വെയറിലെ നികുതി നിർണ്ണയരേഖകൾ പരിശോധിച്ചതിൽ, 7/424 A - നമ്പർ കെട്ടിടത്തിന്റെ ഉടസ്ഥാവകാശം ശ്രീ മോഹനൻ പി.കെ., പൂക്കുളം, മണക്കാട് എന്ന വ്യക്തിയിൽ നിന്നും ശ്രീ ശന്തനു പി. മോഹന്റെ പേരിലേക്ക് മാറ്റിയിട്ടുണ്ട്. (ഫയൽ നം.SE3 - 4104/2023/30.09.2023) ഒക്യുപൻസി Change ചെയ്ത ഭാഗത്തിന് (വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന) 424/B മുതൽ 424/P വരെ നമ്പർ നൽകുകയും 424/A നമ്പർ കെട്ടിടം (ആശുപത്രി) വസ്തുനികുതി പരിഷ്കരണത്തിനനുസൃതമായി സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. (ഫയൽ നം.400574/PTAL05/GPO/2023/4579). പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 4/2018-19 - നമ്പർ രജിസ്ട്രേഷൻ ഉള്ള 7/424A കെട്ടിടം 19.01.2019 – ന് ശേഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. 2024-2025 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിലും 7/424A നമ്പർ കെട്ടിടം ലൈസൻസ് എടുത്തിട്ടില്ല. 552.39 ച.മീ. തറവിസ്തീർണമുള്ള കെട്ടിടം നിലവിൽ ആശുപത്രിയായി പ്രവർത്തനം തുടരുന്നുണ്ടോയെന്നുള്ള വിവരം അറിയിക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.11/ തീയതി. 23.05.2025), 7/424/A നമ്പർ കെട്ടിടം നിലവിൽ ആശുപത്രിയായി പ്രവർത്തനം തുടരുന്നില്ലെന്ന മറുപടിയാണ് നൽകിയത്. എന്നാൽ ടി നമ്പർ കെട്ടിടം ആശുപത്രി എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി സഞ്ചയയിൽ നികുതി ഈടാക്കി വരുന്നുമുണ്ട്. നിലവിലെ കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് ഉപയോഗക്രമത്തിനനുസൃതമായി നികുതി നിർണ്ണയിച്ചീടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-14 വഴിത്തല കംഫർട്ട് സ്റ്റേഷൻ - പ്രവർത്തനം നിലച്ചു

ഗ്രാമപ്പഞ്ചായത്തിലെ 2024-2025 സാമ്പത്തികവർഷത്തെ വൗച്ചർ പരിശോധിച്ചതിൽ, വഴിത്തല കംഫർട്ട് സ്റ്റേഷന്റെ പേരിലുള്ള വെള്ളക്കരം ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നം./തീയതി	തുക (₹)	ചെക്ക് നം./തീയതി
22400221/15.06.2024	21,089/-	321211/15.06.2024
22400220/15.06.2024	9,709/-	
22400222/15.06.2024	12,814/-	
22400322/01.08.2024	6,999/-	342731/24.07.2024
22400603/17.10.2024	8,676/-	342767/16.10.2024
22400736/28.11.2024	2,425/-	348164/26.11.2024
22400939/01.02.2025	678/-	166208/31.01.2025
22401116/27.03.2025	566/-	355881/25.03.2025

കംഫർട്ട് സ്റ്റേഷന്റെ വെള്ളക്കരം ഇനത്തിൽ മേൽ വൗച്ചർ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കംഫർട്ട് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ബോധ്യപ്പെട്ടു.

ആയതിനാൽ ഇപ്രകാരം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/തീയതി. 25.10.2025) മറുപടി നൽകിയില്ല. കംഫർട്ട് സ്റ്റേഷൻ എന്നുമുതലാണ് പ്രവർത്തിക്കാതിരുന്നതെന്നും പ്രവർത്തിക്കാതിരുന്ന കാലയളവിലെ വെള്ളക്കരമാണോ കേരള ജലഅതോറിറ്റി ഡിമാന്റ് ചെയ്തതെന്നും പരിശോധിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. ടി കംഫർട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 മുൻകൂറുകൾ നിശ്ചിതസമയപരിധിക്കുള്ളിൽ ക്രമീകരിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം, 2024-2025 സാമ്പത്തികവർഷവും മുൻവർഷങ്ങളിലും എം.ജി.എൻ.ആർ.ഇ.ജി.എസ്. ഭരണച്ചെലവുകൾക്ക് മുൻകൂർ നൽകിയ ₹18,34,523/- – യിൽ ₹10,52,879/- – യും പ്രോജക്ട് റിസോഴ്സ് പേഴ്സൺ, പ്രോജക്ട് അസിസ്റ്റന്റ്, എന്നിവരുടെ ശമ്പളം, സാക്ഷരതാ പ്രേരക് ഓണറേറിയം, കേരളോൽസവം എന്നീ ചെലവുകൾക്ക് ₹6,22,379/- – യും നൽകിയതിൽ ₹1,48,467/- – യും അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന ഹെഡിൽ (460500501) നൽകിയ ₹78,590/- – യും നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/തീയതി. 25.10.2025) മറുപടി നൽകിയില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99, 04.10.2011 – ലെ സ.ഉ.(അ)നം.419/11/ധന. എന്നിവ പ്രകാരം, പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന മുൻകൂറുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മുൻകൂർ കൈപ്പറ്റി മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണെന്നും സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മുൻകൂർ കൈപ്പറ്റി നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. കെ.എഫ്.സി. വാല്യം - 1 – ലെ ആർട്ടിക്കിൾ 99 പ്രകാരം, മുൻകൂർ കൈപ്പറ്റിയവരിൽ നിന്നും മുൻകൂർ നൽകിയ മുഴുവൻ തുകയും മുൻകൂർ കൈപ്പറ്റിയ തീയതി മുതൽ മുഴുവൻ മുൻകൂർ തുകയ്ക്കും തുക ഈടാക്കുന്നതുവരെ 18 % പിഴപ്പലിശയും ഈടാക്കി രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്.

1-16 ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്യാതെ ചെലവ് നടത്തുന്നു

K-SMART ആപ്ലിക്കേഷനിലെ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നം.394 മണക്കാട്, (അക്കൗണ്ട് നം.00040020000205) ശാഖയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം പിൻവലിച്ച തുക പൂർണമായും ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നം.	ചെക്ക് നം.	പിൻവലിച്ച തുക (₹)	പിൻവലിച്ച തീയതി	ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ ചെലവ് തുക (₹)	ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി
1	166215	18,061/-	28.07.2025	15,883/-	22.08.2025
2	166224	6,080/-	12.09.2025	1,450/-	16.09.2025
3	166227	19,901/-	04.10.2025	3,550/-	17.10.2025
4	166228	20,644/-	04.10.2025	ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയില്ല.	-
5	166229	63,290/-	09.10.2025	ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയില്ല.	-

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/ തീയതി. 25.10.2025) മറുപടി നൽകിയില്ല. ചെലവ് വൗച്ചറുകൾ അയച്ചുനൽകാമെന്ന് എക്സിറ്റ് മീറ്റിംഗ് വേളയിൽ അറിയിച്ചിട്ടുണ്ട്. ചെലവ് അക്കൗണ്ട് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-17 ആയുർവേദഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണതോതിൽ ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്ക് തൃശൂർ ആയുർധാര ഫാർമസ്യൂട്ടിക്കൽസിന് ₹5,50,000/- മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	19/25, ആയുർവേദഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ (₹)	5,50,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ചെലവ് (₹)	5,50,000/-
ബിൽ നം./തീയതി	24100552013300826438/26.10.2024

പ്രസ്തുത സ്ഥാപനം ₹4,12,838/- – യുടെ മരുന്നുകൾ മാത്രമാണ് വിതരണം ചെയ്തത്. അവശേഷിക്കുന്ന ₹1,37,162/- – യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീയതി. 25.10.2025) മറുപടി നൽകിയില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-18 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, ആലപ്പുഴയ്ക്ക് മുൻകൂറായി ₹4,00,000/- കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	അടങ്കൽ (₹)	ബിൽ നം./തീയതി/ തുക (₹)	ലഭിച്ച മരുന്നിന്റെ വില (₹)	ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ വില (₹)
26/25, നെടിയശാല ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	2,00,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)	24100552013201328103/ 14.02.2025/2,00,000/-	1,47,747/-	52,253/-
27/25, അരീക്കുഴ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ	2,00,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)	24100552013201328103/ 14.02.2025/2,00,000/-	1,99,772/-	228/-

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/തീയതി. 22.10.2025) മറുപടി നൽകിയില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-19 കാലിത്തീറ്റ വിതരണം - പദ്ധതിനിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

പദ്ധതി നം./പദ്ധതിയുടെ പേര്	39/2024-2025, കാലിത്തീറ്റ വിതരണം	
ആകെ അടങ്കൽ (₹)	9,98,400/-	4,98,188/- (വികസനഫണ്ട് – പൊതുവിഭാഗം)
		4,99,200/- (ഗുണഭോക്തൃവിഹിതം)
		1,012/- (തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ	
ആകെച്ചെലവ് (₹)	5,68,125/-	
ബിൽ നം./തീയതി/തുക (₹)	1) 24100552013101250922/30.01.2025/3,78,750/-	
	2) 24100552013101530096/14.03.2025/1,89,375/-	

മേൽ പദ്ധതി പ്രകാരം 50 കിലോ ഗ്രാമിന്റെ 500 ബാഗ് കാലിത്തീറ്റ, കേരള ഫീഡ്സിൽ നിന്നും വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. കറവപശുവിന് കാലിത്തീറ്റ, ക്ഷീരസഹകരണസംഘങ്ങൾ വഴി

വിതരണം ചെയ്യണമെന്നാണ് തദ്ദേശസ്വയംഭരണവകുപ്പിന്റെ 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, ഗുണഭോക്താക്കൾ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നതാണെന്നോ ഗുണഭോക്താക്കൾക്ക് കറവപ്പശു സ്വന്തമായി ഉണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കാലിത്തീറ്റ വിതരണത്തിൽ ക്ഷീരസംഘങ്ങളുടെ യാതൊരു സേവനവും ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 22.10.2025 - ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.3 – ന്, ക്ഷീരസംഘങ്ങളുമായി ഇത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. എന്നാൽ സംഘം വഴി കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖയോ പാൽ അളന്നതിനുള്ള ക്ഷീരസഹകരണസംഘത്തിന്റെ സാക്ഷ്യപ്പെടുത്തലോ ഇല്ല. വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിച്ച് പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-20 തുല്യത പഠനം - പരീക്ഷ എഴുതിയതിന്റേയോ വിജയിച്ചതിന്റേയോ രേഖകൾ ഹാജരാക്കിയില്ല - ₹31,850/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	45/25, തുല്യത പഠനസഹായം
അടങ്കൽ (₹)	31,850/- (വികസനഫണ്ട് – പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
ചെലവ് (₹)	31,850/-
ബിൽ നം./തീയതി	24100552013501602667/20.03.2025

മേൽ പദ്ധതി പ്രകാരം, പത്താംതരം തുല്യതാപഠനത്തിനായി 7 പേർക്ക് ₹1,950/- വീതം ₹13,650/- – യും ഹയർസെക്കണ്ടറി തുല്യതാപഠനത്തിനായി 7 പേർക്ക് ₹2,600/- വീതം ₹18,200/- – യും ചേർത്ത് ആകെ ₹31,850/- കേരള സംസ്ഥാന സാക്ഷരത മിഷന് അടവാക്കിയെങ്കിലും പഠിതാക്കൾ പരീക്ഷ എഴുതിയതിന്റേയോ വിജയിച്ചതിന്റേയോ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ടി രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/തീയതി. 24.10.2025) മറുപടി നല്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹31,850/- തടസ്സപ്പെടുത്തുന്നു.

1-21 പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - വിതരണരേഖകൾ ഹാജരാക്കിയില്ല - ₹98,000/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	46/2025, പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ
അടങ്കൽ (₹)	1,00,000/- (വികസനഫണ്ട് – എസ്.സി.പി.)
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
ചെലവ്(₹)	98,000/-
ബിൽ നം./തീയതി	24100552013501477964/10.03.2025

മേൽ പദ്ധതി പ്രകാരം, 20 മേശയും 20 കസേരയും, ജസ്സൺ ഇംപെക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ കൈപ്പറ്റിയ കുട്ടികളുടെ കൈപ്പറ്റ് രസീത് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീയതി.24.10.2025) മറുപടിയോ കൈപ്പറ്റ് രസീതോ നല്കിയില്ല. പഠനോപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ പദ്ധതിയ്ക്ക് ചെലവഴിച്ച ₹98,000/- തടസ്സപ്പെടുത്തുന്നു

1-22 വീട് വാസയോഗ്യമാക്കൽ പദ്ധതി - നാളിതുവരെയും പണി പൂർത്തീകരിച്ചില്ല

പദ്ധതിയുടെ നം./പദ്ധതിയുടെ പേര്	68/2025, വീട് വാസയോഗ്യമാക്കൽ (എസ്.സി.പി.)
അടങ്കൽ (₹)	11,05,000/- (വികസന ഫണ്ട്, എസ്.സി.പി.)
ആകെച്ചെലവ് (₹)	7,95,000/- (വികസനഫണ്ട് – എസ്.സി.പി.)

ബിൽ നം./തീയതി/തുക (₹)	1) 24100552013401376358/24.02.2025/ 1,20,000/-
	2) 24100552013401376481/24.02.2025/ 80,000/-
	3) 24100552013401376877/24.02.2025/ 80,000/-
	4) 2410055201381517/25.02.2025/40,000/-
	5) 24100552013401582533/18.03.2025/1,30,000/-
	6) 24100552013401592813/19.3.2025/1,75,000/-
	7) 24100552013401592817/19.03.2025/40,000/-
	8) 24100552013401624485/21.03.2025/45,000/-
	9) 24100552013401628513/21.03.2025/45,000/-
	10) 24100552013401665374/24.03.2025/40,000/-

പദ്ധതി പ്രകാരം, ഗ്രാമപ്പഞ്ചായത്തിലെ പട്ടികജാതിവിഭാഗത്തിൽപ്പെട്ട 13 ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആകെ ₹7,95,000/- നിർവഹണോദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. 28.5.2022 –ലെ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. – നം. പദ്ധതി മാർഗ്ഗരേഖ പ്രകാരം, കരാറിലേർപ്പെട്ട ശേഷം ഗുണഭോക്താവിന് മുൻകൂറായി 50 % തുക അനുവദിക്കാവുന്നതാണ്. മേൽ പട്ടികയിലെ ബിൽ നം. 5 പ്രകാരം ശ്രീമതി ശാന്തമ്മ, കാരിക്കൊമ്പിൽ എന്ന ഗുണഭോക്താവുൾപ്പെടെ 3 ഗുണഭോക്താക്കൾക്ക് ആകെ ₹1,30,000/- മുൻകൂർ നൽകിയതിൽ ശ്രീമതി ശാന്തമ്മ, കാരിക്കൊമ്പിൽ എന്ന വ്യക്തിയൊഴികെ ബാക്കി എല്ലാവരും പണി പൂർത്തീകരിച്ചിട്ടുണ്ട്. ശ്രീമതി ശാന്തമ്മ, കാരിക്കൊമ്പിൽ എന്ന ഗുണഭോക്താവിന് റഫ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി ₹40,000/- നൽകിയെങ്കിലും വീട് പുനരുദ്ധാരണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/തീയതി. 23.10.1025) എസ്റ്റിമേറ്റ് പ്രകാരംകട്ടിള, വാതിൽ, ജനൽ എന്നിവയുടെ പണികൾ കൂടിയേ തീർക്കുവാനുള്ളൂ എന്നും മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും 18.03.2025 – ലാണ് മുൻകൂർ തുക അനുവദിച്ചതെന്നും 2025 നവംബറിൽ തന്നെ ബാക്കി അറ്റകുറ്റപ്പണികൾ കൂടി പൂർത്തീകരിക്കുന്നതാണെന്നും മറുപടി നൽകി. അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതും വാലുവേഷൻ സഹിതം രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-23 ഫലവൃക്ഷത്തൈ വിതരണം - ജില്ലാതല യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ തൈകൾ വാങ്ങി

പദ്ധതി നം./പദ്ധതിയുടെ പേര്	60/25, ഫലവൃക്ഷത്തൈവിതരണം	
അടങ്കൽ (₹)	1,39,564/-	59,814/- (വികസനഫണ്ട് – പൊതുവിഭാഗം)
		19,936/- (ഗുണഭോക്തൃവിഹിതം)
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ	
ചെലവ് (₹)	79,750/-	
ബിൽ നം./തീയതി/തുക (₹)	24100552013001493471/11.03.2025/59,814/-	
	2240110/11.03.2025/19,936/-	

മേൽ പദ്ധതിയുടെ നടത്തിപ്പിന്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ഇൻവോയ്സ് നം.Y-201/2024-25/04.03.2025 പ്രകാരം, ഫലവൃക്ഷത്തൈകൾ വാങ്ങിയതിന് യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം നിരക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വിതരണം ചെയ്ത വൃക്ഷത്തൈകളുടെ എണ്ണം	നൽകിയ തുക (₹)	നൽകാവുന്ന തുക (₹)	അധികം നൽകിയത് (₹)
റമ്പുട്ടാൻ	55	55 X 350 = 19,250/-	55 X 200 = 11,000/-	8,250/-
കംബോഡിയൻ ഓറഞ്ച് ജാക്ക് ഫ്രൂട്ട്	55	55 X 300 = 16,500/-	55 X 150 = 8,250/-	8,250/-
മാങ്കോ കർപ്പൂരം	55	55 X 350= 19,250/-	55 X 75 = 4,125/-	15,125/-

മാംഗോസ്റ്റീൻ	55	55 X 450 = 24,750/-	55 X 135 = 7,425/-	17,325/-
ആകെ		79,750/-		48,950/-

75 % സബ്സിഡി അനുവദിച്ച മേൽ പദ്ധതിയിൽ, 55 ഗുണഭോക്താക്കൾ ₹362.50/- നിരക്കിൽ ആകെ ₹19,936/- അടവാക്കിയിട്ടുണ്ട്. പ്രിൻസിപ്പൽ കൃഷി ഓഫീസർ നിശ്ചയിച്ച, ജില്ലാതല യൂണിറ്റ് കോസ്റ്റിൽ നിന്നും വ്യത്യസ്തമായി ഫലവൃക്ഷത്തൈകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.05/തീയതി 22.10.2025) 23.12.2024-ലെ 1/3 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് 10x4 വ്യാസമുള്ള കവറിൽ ഉള്ളവയും 6 മാസം മുതൽ ഒരു വർഷം വരെ പ്രായമുള്ള തൈകൾ വിതരണം ചെയ്തതെന്നും ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഇവ ലഭിക്കുകയില്ലാത്തതിനാലാണ് വില കൂടിയ തൈകൾ വിതരണം ചെയ്തതെന്നും പതിനാലാം പഞ്ചവത്സരപദ്ധതിയിലെ മാർഗ്ഗരേഖയിൽ ഖണ്ഡിക നം.6.1 – ലെ ക്രമ നമ്പർ 5 - ൽ പരാമർശിക്കുന്ന ഇനങ്ങൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും യഥാർത്ഥവില നൽകി വാങ്ങാവുന്നതാണെന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വാങ്ങൽ നടത്തിയതെന്നുമാണ് മറുപടി നൽകിയത്. സർക്കാർ ഉത്തരവിൽ പറയുന്ന മറ്റ് ഏജൻസികളുടെ നിരക്ക് കൂടി പരിശോധിച്ചതിനുശേഷം ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മ ഉറപ്പാക്കി ഇത്തരം വാങ്ങലുകൾ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-24 ഭിന്നശേഷി സ്കോളർഷിപ്പ് - സബ്സിഡി മാനദണ്ഡപ്രകാരമുള്ള നിരക്കിനേക്കാളും അധിക തുക നൽകി - ₹7,000/- നിരാകരിക്കുന്നു

പദ്ധതിയുടെ നം./പദ്ധതിയുടെ പേര്	66/2025, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	
ആകെ അടങ്കൽ (₹)	12,20,000/-	7,50,000/- (വികസനഫണ്ട് – പൊതുവിഭാഗം)
		1,17,500/- (ജില്ലാപ്പഞ്ചായത്ത് വിഹിതം)
		3,52,500/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
നിർവഹണോദ്യോഗസ്ഥ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	
ആകെച്ചെലവ് (₹)	11,72,200/-	
ബിൽ നം./തീയതി/തുക (₹)	1) 24100552018601083290/23.12.2024/2,50,800/-	
	2) 24100552018601083287/23.12.2024/3,52,500/-	
	3) 24100552018601358943/20.2.2025/1,17,500/-	
	4) 24100552018601532082/14.3.2025/4,51,400/-	

40 % - ത്തിൽ കൂടുതൽ വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതി പ്രകാരം, ഗ്രാമപ്പഞ്ചായത്തിലെ ശാരീരിക-മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ ₹11,72,200/- നിർവഹണോദ്യോഗസ്ഥ ചെലവഴിച്ചിട്ടുണ്ട്. 28.05.2022 – ലെ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. – നം. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒരു വർഷം സ്കോളർഷിപ്പായി അനുവദിക്കാവുന്ന പരമാവധി തുക ₹28,500/- ആണ്. എന്നാൽ, ഫയൽ പരിശോധിച്ചതിൽ അൻവിൻ ബിനീഷ് എന്ന ഗുണഭോക്താവിനും ഗുണഭോക്താവിന്റെ അമ്മയായ ശ്രീമതി ഡോണ ജോസിനും കൂടി ആകെ ₹35,500/- നൽകിയിട്ടുണ്ട്. പട്ടികയിലെ ബിൽ നം.1 പ്രകാരം ₹1,500/-, ബിൽ നം.2 പ്രകാരം ₹7,500/-, (ആകെ ₹9,000/-) ശ്രീമതി ഡോണ ജോസിനും പട്ടികയിലെ ബിൽ നം.3 പ്രകാരം ₹19,500/-, ബിൽ നം.4 പ്രകാരം ₹7,000/- (ആകെ – ₹26,500/-) അൻവിൻ ജോസിനും നൽകിയിട്ടുണ്ട്. ₹7,000/- അധികം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/തീയതി. 25.10.2025), ആദ്യം പദ്ധതി നടത്തിയത് ഗുണഭോക്താവിന്റെ അമ്മ ശ്രീമതി ഡോണ ജോസിന്റെ പേരിലായിരുന്നുവെന്നും ടിയാളുടെ കനറാ ബാങ്കിലുള്ള അക്കൗണ്ട് ആക്ടീവ് അല്ലാത്തതിനാൽ തുക കിട്ടിയില്ല എന്നറിയിച്ചപ്പോൾ

ബിംസിൽ അൻവിൻ ബിനീഷ് എന്ന പേരിൽ കറക്ഷൻ നടത്തുകയാണ് ചെയ്തതെന്നും ആ സമയം ബിംസിൽ പരിശോധിച്ചപ്പോൾ Not Delivered എന്നാണ് കണ്ടതെന്നും ഫൈനൽ സ്റ്റേറ്റ്മെൻറ് തയ്യാറാക്കിയപ്പോൾ ശ്രീമതി ഡോണ ജോസിൻറെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആയത് പരിശോധിച്ചില്ലെന്നും സ്റ്റേറ്റ്മെൻറ് തയ്യാറാക്കിയപ്പോൾ വന്ന സാങ്കേതികപ്പിഴവുമൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും അധികം അനുവദിച്ച തുക 2025-2026 സാമ്പത്തികവർഷത്തിൽ തുക അനുവദിക്കുമ്പോൾ കുറവ് വരുത്താമെന്നുമാണ് മറുപടി നൽകിയത്. 2025-2026 സാമ്പത്തികവർഷത്തിൽ പ്രസ്തുത ഗുണഭോക്താവിന് തുക അനുവദിക്കുന്നതിൽ ₹7,000/- കുറവ് ചെയ്ത് അനുവദിക്കുന്നതിൻറെയും അല്ലെങ്കിൽ തുക തിരിച്ചടച്ചതിൻറെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച ₹7,000/- ഓഡിറ്റിൽ നിരാകരിക്കുന്നു.

1-25 ഹെൽത്ത് ഗ്രാൻറ് - അവലോകനം

പ്രാഥമികാരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാ ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാൻറ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ ചുവടെ ചേർക്കുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്രആരോഗ്യ കുടുംബക്ഷേമമന്ത്രാലയം 31.08.2021 – ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട്, പ്ലാൻ, കെട്ടിടനിർമ്മാണമാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുംബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിൻറെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവർദ്ധകസേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാലരോഗികൾക്ക് മാനസിക – സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനും പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

2021-2022 മുതൽ നാളിതുവരെ മണക്കാട് ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായ ഹെൽത്ത് ഗ്രാൻറ് വിവരം

വർഷം	സ്കീം - 1				
	മുന്നിരിപ്പ് (₹)	ലഭിച്ചത് (₹)	ആകെ (₹)	ചെലവഴിച്ചത് (₹)	നീക്കിയിരിപ്പ് (₹)
2021-2022	0	0	0	0	0
2022-2023	0	0	0	0	0
2023-2024	0	0	0	0	0
2024-2025	0	0	0	0	0

വർഷം	സ്കീം – 3				
	മുന്നിരിപ്പ് (₹)	ലഭിച്ചത് (₹)	ആകെ (₹)	ചെലവഴിച്ചത് (₹)	നീക്കിയിരിപ്പ് (₹)
2021-2022	-		-	-	-
2022-2023	0	2,36,447/-	2,36,447/-	1,59,479/-	76,968/-
2023-2024	76,968/-	7,78,968/-	8,55,936/-	3,43,856/-	5,12,080/-
2024-2025	5,12,080/-	4,35,112/-	9,47,192/-	16,403/-	9,30,789/-

വർഷം	സ്കീം - 4				
	മുന്നിരിപ്പ്	ലഭിച്ചത് (₹)	ആകെ (₹)	ചെലവഴിച്ചത് (₹)	നീക്കിയിരിപ്പ് (₹)
2021-2022	-		-	-	0
2022-2023	0	1,10,000/-	1,10,000/-	1,10,000/	0
2023-2024	0	3,08,000/-	3,08,000/-	2,72,950/-	35,050/-
2024-2025	35,050/-	4,90,000/-	5,25,050/-	35,000/-	4,90,050/-

2021-2022 മുതൽ 2024-2025 വരെ ഹെൽത്ത് ഗ്രാന്റ് മുഖേന നടപ്പാക്കിയ പദ്ധതികൾ

ക്രമ നം.	വർഷം	പദ്ധതി നമ്പർ	പദ്ധതിയുടെ പേര്	അടങ്കൽ (₹)	ചെലവ് തുക (₹)	റിമാർക്ക്സ്
1	2022-2023	203	പി.എച്ച്.സി.കളുട്ടേയും സബ്സെന്ററുകളുടേയും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	1,10,000/-	1,10,000/-	0
2	2022-2023	202	സമഗ്രആരോഗ്യസംരക്ഷണം	2,36,447/-	1,59,479/-	76,968/-
3	2023-2024	200	ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പുതുപ്പരിയാരം എഫ്.എച്ച്.സി.	3,08,000/-	2,72,950/-	35,050/-
4	2023-2024	199	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	7,02,000/-	3,43,856/-	3,58,144/-
5	2023-2024	175	സമഗ്രആരോഗ്യസംരക്ഷണം	76,968/-	0	76,968/-
6	2024-2025	266	പി.എച്ച്.സി.കളുട്ടേയും സബ്സെന്ററുകളുടേയും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	4,90,000/-	0	4,90,000/-
7	2024-2025	225	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	35,050/-	35,000/-	സ്പിൽ ഓവർ പദ്ധതി
8	2024-2025	224	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	3,58,144/-	16,403/-	സ്പിൽ ഓവർ പദ്ധതി
9	2024-2025	223	സമഗ്രആരോഗ്യസംരക്ഷണം	76,968	0	സ്പിൽ ഓവർ പദ്ധതി

2024-2025 വർഷത്തെ ഹെൽത്ത് ഗ്രാന്റ് പദ്ധതികൾ സാമ്പത്തികവർഷത്തിന്റെ അവസാനഘട്ടത്തിലാണ് പദ്ധതി എൻട്രി നടത്തിയതും അംഗീകാരം ലഭ്യമായതും. ഈ കാരണങ്ങളാൽ പദ്ധതികൾ ടി വർഷം

നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തതും തുടന്നുള്ള വർഷം (2025-2026) സ്പിൽഓവറായി പദ്ധതി നടപ്പിലാക്കി തുക പൂർണ്ണമായും ചെലവഴിച്ച് വരുന്നതായും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/തീയതി. 21.10.2025) മറുപടി നൽകി.

ഫലപ്രാപ്തി, നിർദ്ദേശങ്ങൾ

സ്കീം 3 മുഖേന, ലാബ് ഉപകരണങ്ങൾ, റീയേജന്റുകൾ എന്നിവ വാങ്ങിയതുവഴി കുടുംബാരോഗ്യകേന്ദ്രത്തിലെ രോഗനിർണ്ണയസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. 31.08.2022 – ലെ സ.ഉ.(സാധാ)നം.2132/2022/ത.സ്വ.ഭ.വ., ഖണ്ഡിക നം.2.4 പ്രകാരം, ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ മുഖേന ചുവടെ ചേർത്തിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

1. ആരോഗ്യവർദ്ധകസേവനങ്ങൾ - ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
2. രോഗപ്രതിരോധപ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ.
3. വാർഷികആരോഗ്യപരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
4. പ്രാഥമികരോഗചികിത്സാ സൗകര്യങ്ങൾ.
5. ദീർഘകാലരോഗങ്ങൾ ഉള്ളവർക്ക് മാനസിക–സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ.
6. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവരുടെ വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ.

എന്നാൽ സ്കീം 4 പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ മേൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമായവയല്ല.

ഹെൽത്ത് ഗ്രാന്റ് മുഖേന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ 31.08.2022 – ലെ സ.ഉ.(സാധാ) നം.2132/2022/ ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിവിധ സ്കീമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുന്നവയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

1-26 ജൽജീവൻ മിഷൻ - അവലോകനം

ഭാരതത്തിലെ ഗ്രാമീണമേഖലയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വീടുകൾക്കും 2024 ഓടെ ഗുണഭോക്താക്കളുടെ സമൂഹസംഭാവനയോട് കൂടി സുസ്ഥിരമായ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്തപദ്ധതിയാണ് ജൽജീവൻ മിഷൻ. 08.06.2020 – ലെ സ.ഉ.(കൈ)നം.37/2020/ജ.വി.വ. ഉത്തരവ് പ്രകാരമുള്ള ജൽജീവൻ മിഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച്, കേന്ദ്ര – സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഗ്രാമപ്പഞ്ചായത്തുകൾക്കാണ് പ്രധാനമായും പദ്ധതി നടത്തിപ്പിന്റെ ചുമതല. ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി ആണെങ്കിൽ ഏകോപനത്തിനായി വിവിധ ഗ്രാമപ്പഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഏകോപനകമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. 2020-2021 സാമ്പത്തികവർഷത്തേക്ക് ₹880 കോടിയുടെ പദ്ധതി അടങ്കലിൽ ജൽജീവൻ മിഷന് അംഗീകാരം നൽകുമ്പോൾ പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10 % ഉപഭോക്തൃവിഹിതവും 15 % ഗ്രാമപ്പഞ്ചായത്ത് വിഹിതവും നൽകാൻ സന്നദ്ധത അറിയിക്കുന്ന പഞ്ചായത്തുകളെ ഉൾപ്പെടുത്തി പദ്ധതി 2020-2021 വർഷം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തത്. ഗ്രാമപ്പഞ്ചായത്ത് വിഹിതം, ഉപഭോക്തൃവിഹിതം എന്നിവയിൽ പ്രത്യേക പരിഗണനയുള്ള ജനവിഭാഗങ്ങൾക്ക് (ബി.പി.എൽ./എസ്.സി./എസ്.റ്റി./ ഫിഷർമെൻ) ആവശ്യത്തിനനുസരിച്ച് ഇളവുകൾ നൽകുന്ന കാര്യം പഞ്ചായത്തുകൾക്ക് സ്റ്റേറ്റ് വാട്ടർ &

സാനിട്ടേഷൻ മിഷന്റെ അനുമതിയോടെ തീരുമാനിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മണക്കാട് ഗ്രാമപ്പഞ്ചായത്തിൽ നിന്നും ജൽജീവൻ മിഷൻ പദ്ധതിക്ക് വകയിരുത്തിയതും ജലഅതോറിറ്റിക്ക് കൈമാറിയതുമായ തുകകളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/തീയതി. 21.10.2025) ലഭ്യമായ മറുപടി പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പദ്ധതി നം./പദ്ധതിയുടെ പേര്	വകയിരുത്തിയ തുക (₹)	ചെലവഴിച്ച തുക (₹)	ബിൽ നം./തീയതി
2020-2021	246/2021, ജൽജീവൻ മിഷൻ പഞ്ചായത്ത് വിഹിതം (ജനറൽ)	3,00,000/- (വികസനഫണ്ട്)	2,53,626/-	20100552016801350679/25.03.2021
			46,374/-	20100552016801423856/29.03.2021
2020-2021	247/2021, ജൽജീവൻ മിഷൻ പഞ്ചായത്ത് വിഹിതം (എസ്.സി.പി.)	64,000/- (വികസനഫണ്ട്)	64,000/-	20100552016801350681/25.3.2021

മേൽ തുക ചെലവഴിച്ചതിന്റെ വിനിയോഗവിവരം, ജലഅതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ജലഅതോറിറ്റിയിൽ നിന്ന് ഗ്രാമപ്പഞ്ചായത്ത് വാർഷികപദ്ധതി പ്രകാരം തുക അടക്കേണ്ടതില്ല എന്ന് വാക്കാൽ നിർദ്ദേശം ലഭിച്ചതിനാലും പിന്നീട് രേഖാമൂലം അറിയിപ്പൊന്നും ലഭിക്കാത്തതിനാലുമാണ് ജൽജീവൻ മിഷൻ പദ്ധതിക്ക് തുകയൊന്നും ഗ്രാമപ്പഞ്ചായത്ത് വകയിരുത്താതിരുന്നത് എന്ന് മറുപടി നൽകി.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഭിന്നശേഷി സ്കോളർഷിപ്പ് - സബ്സിഡി മാനദണ്ഡപ്രകാരമുള്ള നിരക്കിനേക്കാളും അധിക തുക നൽകി - ₹7,000/- നിരാകരിക്കുന്നു

പദ്ധതിയുടെ നം./പദ്ധതിയുടെ പേര്	66/2025, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	
ആകെ അടങ്കൽ (₹)	12,20,000/-	7,50,000/- (വികസനഫണ്ട് – പൊതുവിഭാഗം)
		1,17,500/- (ജില്ലാപ്പഞ്ചായത്ത് വിഹിതം)
		3,52,500/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
നിർവഹണോദ്യോഗസ്ഥ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	
ആകെച്ചെലവ് (₹)	11,72,200/-	
ബിൽ നം./തീയതി/തുക (₹)	1) 24100552018601083290/23.12.2024/2,50,800/-	
	2) 24100552018601083287/23.12.2024/3,52,500/-	
	3) 24100552018601358943/20.2.2025/1,17,500/-	
	4) 24100552018601532082/14.3.2025/4,51,400/-	

40 % - ത്തിൽ കൂടുതൽ വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതി പ്രകാരം, ഗ്രാമപ്പഞ്ചായത്തിലെ ശാരീരിക-മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ ₹11,72,200/- നിർവഹണോദ്യോഗസ്ഥ ചെലവഴിച്ചിട്ടുണ്ട്. 28.05.2022 – ലെ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. – നം. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒരു വർഷം സ്കോളർഷിപ്പായി അനുവദിക്കാവുന്ന പരമാവധി തുക ₹28,500/- ആണ്. എന്നാൽ, ഫയൽ പരിശോധിച്ചതിൽ അൻവിൻ ബിനീഷ് എന്ന ഗുണഭോക്താവിനും ഗുണഭോക്താവിന്റെ അമ്മയായ ശ്രീമതി ഡോണ ജോസിനും കൂടി ആകെ ₹35,500/- നൽകിയിട്ടുണ്ട്. പട്ടികയിലെ ബിൽ നം.1 പ്രകാരം ₹1,500/-, ബിൽ നം.2 പ്രകാരം ₹7,500/-, (ആകെ ₹9,000/-) ശ്രീമതി ഡോണ ജോസിനും പട്ടികയിലെ ബിൽ നം.3 പ്രകാരം ₹19,500/-, ബിൽ നം.4 പ്രകാരം ₹7,000/- (ആകെ – ₹26,500/-) അൻവിൻ ജോസിനും നൽകിയിട്ടുണ്ട്. ₹7,000/- അധികം അനുവദിച്ചതിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/തീയതി. 25.10.2025), ആദ്യം പദ്ധതി നടത്തിയത് ഗുണഭോക്താവിന്റെ അമ്മ ശ്രീമതി ഡോണ ജോസിന്റെ പേരിലായിരുന്നുവെന്നും ടിയാളുടെ കനറാ ബാങ്കിലുള്ള അക്കൗണ്ട് ആക്ടീവ് അല്ലാത്തതിനാൽ തുക കിട്ടിയില്ല എന്നറിയിച്ചപ്പോൾ ബിംസിൽ അൻവിൻ ബിനീഷ് എന്ന പേരിൽ കറക്ഷൻ നടത്തുകയാണ് ചെയ്തതെന്നും ആ സമയം ബിംസിൽ പരിശോധിച്ചപ്പോൾ Not Delivered എന്നാണ് കണ്ടതെന്നും ഫൈനൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ ശ്രീമതി ഡോണ ജോസിന്റെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആയത് പരിശോധിച്ചില്ലെന്നും സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വന്ന സാങ്കേതികപ്പിഴവുമൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും അധികം അനുവദിച്ച തുക 2025-2026 സാമ്പത്തികവർഷത്തിൽ തുക അനുവദിക്കുമ്പോൾ കുറവ് വരുത്താമെന്നുമാണ് മറുപടി നൽകിയത്. 2025-2026 സാമ്പത്തികവർഷത്തിൽ പ്രസ്തുത ഗുണഭോക്താവിന് തുക അനുവദിക്കുന്നതിൽ ₹7,000/- കുറവ് ചെയ്ത് അനുവദിക്കുന്നതിന്റെയും അല്ലെങ്കിൽ തുക തിരിച്ചടച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച ₹7,000/- ഓഡിറ്റിൽ നിരാകരിക്കുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
11	66,000/-	66,000/-	0	0

* 01.04.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

മെഡിസെപ് പ്രീമിയം ഒടുക്കി (01.07.2024 - ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല				

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	അടങ്കൽ (₹)	പദ്ധതി നം./പദ്ധതിയുടെ പേര്	ചെലവ് (₹)	ബാലൻസ് (₹)
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്	2024-2025	1,50,000/-	55/25, ഞങ്ങളും കൃഷിയിലേക്ക്- നെൽകൃഷിക്ക് കൂലിച്ചെലവ്/സബ്സിഡി	1,45,738/-	0
	2024-2025	3,52,500/-	66/25, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	3,52,500/-	0
	2024-2025	3,00,000/-	48/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	81,812/-	0
	2024-2025	10,500/-	3/25, ജവഹർ ഭവനപദ്ധതി വായ്പ തിരിച്ചടവ്	10,500/-	0
	2024-2025	2,00,000/-	49/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	2,00,000/-	
ഇടുക്കി ജില്ലാപ്പഞ്ചായത്ത്	2024-2025	5,00,000/-	73/25, ലൈഫ് മിഷൻ ഭവനനിർമ്മാണം - എസ്.സി.പി.	2,00,000/-	0
	2024-2025	5,80,000/-	09/25, ലൈഫ് മിഷൻ ഭവനനിർമ്മാണം - ജനറൽ	5,80,000/-	0
	2024-2025	1,17,500/-	66/25, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	1,17,500/-	0
	2024-2025	15,00,000/-	48/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	6,77,948/-	0
	2024-2025	5,00,000/-	49/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	2,55,000/-	0

4-3 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (₹)	ബിൽനം./വൗച്ചർ നം./ തീയതി/തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
ഭൂജല വകുപ്പ്	മൈലാടുംപാറ ഭാഗത്ത് ജലവിതരണ പദ്ധതി	70,000/-	XVFC2024-25P/108/07.03.2025	51,540/-	18,460/-
കെ.എസ്.ഇ.ബി.	പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	1,00,000/-	XVFC2024-25P/101/17.02.2025/90,000/- XVFC2024-25P/102/21.02.2025/10,000	1,00,000/-	0

4-5 വായ്പ/വായ്പയുടെ തിരിച്ചടവ്

തൻവർഷം വായ്പ ഇനത്തിൽ ₹12,85,311/- വരവ് ഉണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പത്തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	ഉത്തരവ് നം.	വായ്പത്തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി തുക (₹)	തൻവർഷ വായ്പ തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക (₹)
					മുതൽ	പലിശ	
ജവഹർ ഭവനപദ്ധതി – മുതൽ/ തിരിച്ചടവ്	സ.ഉ. (സാധാ)നം.1577/ 2015/ത.സ്വ.ഭ.വ. തീയതി.27.05.2015	20,00,000/-	10,10,885/-	ഇല്ല	5,00,000/-	58,545/-	5,10,885/-
ലൈഫ് ഭവനപദ്ധതി	സ.ഉ.കൈ)നം.68/ 2018/ത.സ്വ.ഭ.വ. തീയതി.18.05.2018	0	77,23,724/-	12,85,311/-	14,08,172/-	0	76,00,863/-

4-6 സ്ഥിരനിക്ഷേപം

- ഇല്ല -

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹450/- – യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക നം.	ഈടാക്കിയ തുക (₹)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/ തീയതി

2015-2016	2-1	450/-	ഡോ കൃഷ്ണപ്രസാദ്, NRHM സിദ്ധ മെഡിസിൻ, അരിക്കുഴ	1240100559/ 29.06.2024

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-2007	3-11	2011-2012	2-4	ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം – ₹18,334/-	ലഭ്യമാക്കിയില്ല
2012-2013	2-4	ലഘു അവലോകന റിപ്പോർട്ടുകൾ	2-4 (11 മുതൽ 25 വരെ) (പേജ് നം. 18, 19)	ലഘുഅവലോകനം - ഫ്രണ്ട് ഓഫീസ് സംവിധാനം	ലഭ്യമാക്കിയില്ല
2015-2016	2-1	2016-2017	അനുബന്ധം-4	തൊഴിൽ നികുതി – അപാകങ്ങൾ	ലഭ്യമാക്കിയില്ല

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല –

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല –

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

ഇനം	തുക (₹)
മുന്നിരിപ്പ് (₹)	2,36,11,359.60
വരവ് (₹)	3,25,83,047.00
ആകെ (₹)	5,61,94,406.60
ചെലവ് (₹)	2,65,17,362.00
നീക്കിയിരിപ്പ് (₹)	2,96,77,044.00
[കുറിപ്പ് :- പഞ്ചായത്തിന്റെ 2024-2025 – ലെ റെസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്]	
വരവിനങ്ങളിലുള്ള നഷ്ടം (₹)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	7,000/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	1,29,850/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-24	-	7,000/-	ശ്രീമതി സിന്ധു ടി.കെ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	31,850/-	ശ്രീമതി ഉഷ കെ. കെ., ഹെഡ്മിസ്ട്രസ്
1-21	98,000/-	ശ്രീമതി ഉഷ കെ. കെ., ഹെഡ്മിസ്ട്രസ്
ആകെ	1,29,850/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ഉഷ കെ.കെ. ഹെഡ്മിസ്ട്രസ്	വിരമിച്ചു	കുഴിച്ചാലിൽ, തൊടുപുഴ ഈസ്റ്റ് പി.ഒ. ഇടുക്കി ജില്ല, പിൻ - 685585
ശ്രീമതി സിന്ധു ടി.കെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ മണക്കാട് ഗ്രാമപഞ്ചായത്ത്	പൈങ്കുളംപറമ്പിൽ ശാസ്താംപാറ, ഇടവെട്ടി പി.ഒ. ഇടുക്കി ജില്ല, പിൻ - 685588

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നമ്പർ
2006-2007	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2006-2007 തീയതി. 02.09.2022	2	3-3, 3-11
2007-2008	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2007-2008 തീയതി. 02.09.2022	2	2-2, 3-10
2008-2009	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2008-2009 തീയതി. 02.09.2022	1	3-2
2009-2010	നം.കെ.എസ്.എ.ഐ.ഡി.കെ.പി 6/1278/2009-2010 തീയതി. 02.09.2022	4	3-3, 3-10, 3-11, 3-12
2010-2011	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2010-2011 തീയതി. 02.09.2022	1	3-2
2011-2012	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2011-2012 തീയതി. 02.09.2022	1	3-10
2016-2017	നം.കെ.എസ്.എ.ഐ.ഡി.കെ.പി7/1308/2017 തീയതി. 12.01.2018	2	2-4, 3-1
2012-2013 & 2013-2014	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2012-2013 & 2013 - 2014 തീയതി. 02.09.2022	1	2-2
2014-2015	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2014-2015 തീയതി. 02.09.2022	1	2-1
2015-2016	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2015-2016 തീയതി. 02.09.2022	5	2-1, 2-3, 3-1, 3-4, 3-5
2016-2017	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2016-2017 തീയതി. 02.09.2022	5	2-4, 3-1, 3-2, 3-3, 3-7
2017-2018	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/ 2017-2018 തീയതി. 02.09.2022	1	3-2
2018-2019	നം.കെ.എസ്.എ.ഐ.ഡി.കെ.പി6/1278/2018-2019 തീയതി. 02.09.2022	4	1-14, 1-16, 1-17, 2-1
2019-2020	നം.കെ.എസ്.എ.ഐ.ഡി.കെ.11/309/2022 തീയതി. 22.04.2022	5	1-14, 1-17, 1-18, 1-19, 1-20
2020-2021	നം.കെ.എസ്.എ.ഐ.ഡി.കെ.11/289/2022 തീയതി. 27.04.2022	8	1-10, 1-15, 1-16, 1-17, 1-18 (1, 3), 1-19, 1-20, 4-8
2021-2022	നം.കെ.എസ്.എ.ഐ.ഡി.കെ.പി.6/351/2023 തീയതി. 04.04.2023	16	1-1 മുതൽ 1-16 വരെ
2022-2023	നം.കെ.എസ്.എ.ഐ.ഡി.കെ.പി.6/28/2024 തീയതി. 02.11.2023	14	1-10 മുതൽ 1-17 വരെ, 1-19, 1-20, 1-21, 1-22, 1-23, 4-7
2023-2024	നം.കെ.എസ്.എ.ഐ.ഡി.കെ.പി.6/964/2024 തീയതി. 26.10.2024	25	1-1-5 മുതൽ 1-1-10 വരെ 1-5, 1-9 മുതൽ 1-14 വരെ 1-17, 1-18, 1-20 മുതൽ 1-26

			വരെ, 1-28 മുതൽ 1-32 വരെ 3-1, 4-4

ഡെപ്യൂട്ടി ഡയറക്ടർ

<u>**Annexure-1**</u>

<u>**Audit Certificate**</u>

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 25-07-2025 and submitted on 26-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Manakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Manakkad Grama Panchayat as on 31-03-2025

Date: 01/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Manakkad Grama Panchayat for the Year 2024-2025.

1.Major Observations

1. Non disclosure of assets.

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit â Ratios, Notes on Accounts.

2. Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

3. Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Lack of authenticated journal Vouchers for, supporting the adjustment entries recorded in prior period items.

5. Depreciation recorded could not be verified in the absense of calculation sheets.

6. No equivalent amount has been transferred to the capital contribution head when the assets were created

7. Demand register of property tax, and professional tax do not match with Financial statement.

8. Receipt and payment of grants does not mach with AFS.

9. B 5 shedule in balance sheet does not match with B 16 shedule.

10. Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant account.

11. KURDFC Loan -Balance amount recorded in AFS is incorrect.

12. Administrative expenditure of MGNREGS -amount recorded in AFS (I 14(F) schedule is incorrect.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്